പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5477 — 01.07. 2019 ൽ മറുപടിക്ക്

**വൈദ്യുതി ചാർജ് കുടിശ്ശിക**

ചോദ്യം

ശ്രീ. ഡി. കെ. മുരളി

ഉത്തരം

ശ്രീ. എം. എം. മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഉപഭോക്താക്കളിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERCയുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്ന് KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കൂടാതെ 08.06.2018 ൽ പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി ഈ പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിരുന്നു. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗരേഖകൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള ഉത്തരവ് ബോർഡ് 20.08.2018-ന് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാൻ നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മറ്റികൾക്കു ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 31.12.2018 വരെ പ്രാബല്യം ഉണ്ടായിരുന്നു. |
| (ബി) എത്ര തുക പിരിച്ചെടുത്തുവെന്ന് അറിയിക്കാമോ; | (ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 പ്രകാരം വിവിധ ഉപഭോക്താക്കളിൽ നിന്നും 1352.79 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി)കടിശ്ശിക പിരിച്ചെടുക്കാൻ- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25-05-2016) 30-06-2016 വരെ നിലനിന്നിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി B.O. No636/ 2016(KSEB/ TRAC/ Supply Code/R3/OTS/2015) പ്രകാരം നിലനിന്നിരുന്നു. ഈ പദ്ധതി പ്രകാരം 2 വർഷത്തിനു മുകളിലെ കുടിശ്ശികയുള്ള ഉപഭോക്താക്കൾ അപേക്ഷിക്കാൻ അർഹരായിരുന്നു. 5 വർഷത്തിൽ കൂടുതൽ കാലയളവിലെ കുടിശ്ശികയ്ക്ക് 6% പലിശയും 2-5 വർഷത്തിനുള്ളിലെ കുടിശ്ശികയ്ക്ക് 8% പലിശയുമാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്.<br><br>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക മുഴുവൻ മുതൽ ഒറ്റത്തവണയായി അടയ്ക്കണമെന്ന് നിഷ്കർഷിച്ചിരുന്നുവെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദീർഘകാല കുടിശ്ശികയുള്ള ഉയർന്ന ഉപഭോക്താക്കൾ എന്നിവർക്ക് ബോർഡിന്റെ ഫുൾടൈം ഡയറക്ടർമാരുടെ അനുവാദത്തോടുകൂടി പലിശയടവിന് ആറ് തവണ അനുവദിക്കപ്പെട്ടിരുന്നു. റവന്യൂ റിക്കവറി നടപടികളിൽ പെട്ടിരിക്കുന്ന ഉപഭോക്താക്കൾക്കും നിബന്ധനകൾക്ക് വിധേയമായി പദ്ധതി പ്രയോജനപ്പെടുത്താവുന്നതായിരുന്നു.<br><br>തുടർന്ന് 01-06-2018 മുതൽ 31-12.2018-വരെ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി B.O.(FTD)No.1846/2018(KSEB/TRAC/OTS/R3/2018) Tvpm, dated 15-10.2018 നിലവിൽ വന്നിരുന്നു. ഇതു പ്രകാരം 2 വർഷത്തിനു മുകളിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുത്താൻ സാധിക്കുമായിരുന്നു. ഈ പദ്ധതി പ്രകാരമുള്ള പലിശ നിരക്കുകൾ താഴെ പറയും പ്രകാരമായിരുന്നു.<br>2-5 വർഷം വരെയുള്ള കുടിശ്ശിക - 8%<br>5 വർഷത്തിനു മുകളിൽ - 6%<br>ദീർഘകാലമായി പൂട്ടിക്കിടന്ന വ്യവസായസ്ഥാപനങ്ങൾക്കും തോട്ടങ്ങൾക്കും MD charge 6 മാസമായി നിജപ്പെടുത്തുന്നതിനു വ്യവസ്ഥയുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ

## ABSTRACT OF THE COLLECTION REPORT UNDER ONE TIME SETTLEMENT SCHEME 2018.

LT Consumers.

| Sl.No | Name of Circle | Amount collected under OTS | | |
|---|---|---|---|---|
| | | Principal | Interest | Total |
| 1 | 2 | 3 | 4 | 5 |
| 1 | ALAPPUZHA | 3,59,920 | 13,543 | 3,73,463 |
| 2 | ERNAKULAM | 56,10,517 | 25,89,514 | 82,00,031 |
| 3 | HARIPPAD | 87,699 | 15,029 | 1,02,728 |
| 4 | IRINJALAKUDA | 64,09,205 | 13,13,550 | 77,22,755 |
| 5 | KALPETTA | 3,50,534 | 75,509 | 4,26,043 |
| 6 | KANNUR | 7,76,679 | 3,43,501 | 11,20,180 |
| 7 | KASARAGODE | 39,69,210 | 11,85,689 | 51,54,899 |
| 8 | KATTAKADA | 7,84,830 | 1,45,410 | 9,30,240 |
| 9 | KOLLAM | 12,38,385 | 5,97,156 | 18,35,541 |
| 10 | KOTTARAKARA | 67,532 | 10,399 | 77,931 |
| 11 | KOTTAYAM | 4,05,327 | 1,54,194 | 5,59,521 |
| 12 | KOZHIKODE | 13,71,488 | 3,75,191 | 17,46,679 |
| 13 | MANJERI | 3,02,695 | 1,38,044 | 4,40,739 |
| 14 | NILAMBUR | 2,56,074 | 1,18,099 | 3,74,173 |
| 15 | PALA | 23,87,859 | 7,94,146 | 31,82,005 |
| 16 | PALAKKAD | 6,28,712 | 2,23,539 | 8,52,251 |
| 17 | PATHANAMTHITTA | 51,14,670 | 12,85,842 | 64,00,512 |
| 18 | PERUMBAVOOR | 32,53,159 | 9,00,207 | 41,53,365 |
| 19 | SHORNUR | 1,92,470 | 1,09,391 | 3,01,861 |
| 20 | SREEKANDAPURAM | 18,44,862 | 8,76,544 | 27,21,406 |
| 21 | THIRUVANANTHAPURAM | 45,42,956 | 2,79,550 | 48,22,506 |
| 22 | THODUPUZHA | 4,84,036 | 84,530 | 5,68,566 |
| 23 | THRISSUR | 88,14,818 | 24,11,492 | 1,12,26,310 |
| 24 | TIRUR | 68,92,290 | 10,70,604 | 79,62,894 |
| 25 | VATAKARA | 81,251 | 12,297 | 93,548 |
| A | **Total** | 5,62,27,177 | 1,51,22,969 | 7,13,50,146 |

## HT CONSUMERS.

| Sl. No. | Name of Consumer | Amount Collected as per OTS | | |
|---|---|---|---|---|
| | | Principal | Interest | Total |
| 1 | 2 | 3 | 4 | 5 |
| 1 | Rohit Cots | Not paid | 0 | 0 |
| 2 | Palm Lagoon | 0 | 47,619 | 47,619 |
| 3 | Thomson Papers | 6,94,855 | 95,248 | 7,90,103 |
| 4 | PNM Hospital | 5,27,245 | 4,07,330 | 9,34,575 |
| 5 | Surabhi Steels | 63 | 4 | 67 |
| 6 | Surabhi Steel Tubes | 99,600 | 26,235 | 1,25,835 |
| 7 | Surabhi Ispat | 9,39,167 | 54,49,903 | 63,89,070 |
| 8 | MAC Woods | 9,41,265 | 1,28,546 | 10,69,811 |
| 9 | Limited Edition | 2,68,971 | 50,078 | 3,19,049 |

| | | | | |
|---|---|---|---|---|
| 10 | FACT | 3,63,81,997 | 18,02,869 | 3,81,84,866 |
| 11 | FACT | 4,61,43,095 | 36,25,544 | 4,97,68,639 |
| 12 | Terratile Consortium (P) Ltd | 8,48,486 | 2,63,732 | 11,12,218 |
| 13 | TCM Ltd | 0 | 0 | 0 |
| 14 | Bethel Plantation | 0 | 0 | 0 |
| 15 | Alliannce Packaging | 76,292 | 63,708 | 1,40,000 |
| 16 | Tritee Seafoods | 8,94,465 | 4,24,791 | 13,19,256 |
| 17 | Collectorate, Kozhikode | 0 | 0 | 0 |
| 18 | AP Steel | 2,27,67,478 | 1,02,28,617 | 3,29,96,095 |
| **B** | **Total** | **11,05,82,979** | **2,26,14,224** | **13,31,97,203** |
| | | | | |
| **As per Government Orders.** | | | | |
| 1 | **Settlement of KWA arrears as per GO(Rt)No.10/2019/Power dtd 14.1.2019** | 10,62,98,00,000 | 2,63,71,00,000 | **13,26,69,00,000** |
| 2 | **Settlement of Health Depart. Arrears as per G.O.29.11.18,7.12.18,11.1.18** | 5,29,00,000 | 36,00,000 | **5,65,00,000** |
| **C** | **Total** | 10,68,27,00,000 | 2,64,07,00,000 | 13,32,34,00,000 |
| **Grand Total ( A+B+C )** | | 10,84,95,10,156 | 2,67,84,37,193 | 13,52,79,47,349 |